കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് വകുപ്പ് - കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് അനുമതി നൽകി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ(സാധാ)നം.826/13/തസ്വഭവ                    തിരുവനന്തപുരം, തീയതി: 27.03.2013.

---

പരാമർശം: 1) 29.01.2013-ലെ സ.ഉ(സാധാ)നം.223/13/തസ്വഭവ.
2) 27.03.2013-ലെ സ.ഉ(സാധാ)നം.824/13/തസ്വഭവ.

ഉത്തരവ്

2012-13 സംസ്ഥാന പദ്ധതി ഡിമാന്റ് നമ്പർ **XXXV** പഞ്ചായത്ത് "2515-00-800-89" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ ഓഫീസ് നവീകരണം, കമ്പ്യൂട്ടർവൽക്കരണവും സൗകര്യങ്ങളുടെ നിലവാരം മെച്ചപ്പെടുത്തലും എന്ന പദ്ധതിയ്ക്ക് വകയിരുത്തിയിരുന്ന 70 ലക്ഷം രൂപയിൽ നിന്നും 62,30,640/- (അറുപത്തി രണ്ട് ലക്ഷത്തി മുപ്പതിനായിരത്തി അറുനൂറ്റി നാൽപ്പത്) രൂപ ചെലവഴിച്ച് **DGS&D** നിരക്ക് പ്രകാരം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ മേൽപ്പറഞ്ഞിട്ടുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് 5% വാറ്റ് ഉൾപ്പെടെ 3,11,532 (മൂന്നു ലക്ഷത്തി പതിനൊന്നായിരത്തി അഞ്ഞൂറ്റി മുപ്പത്തി രണ്ട്)രൂപ ഉൾക്കൊള്ളിച്ച് 65,42,172/- (അറുപത്തിയഞ്ച് ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി നൂറ്റി എഴുപത്തി രണ്ട്) രൂപ ചെലവു ചെയ്യുന്നതിനും 70 ലക്ഷം രൂപയിൽ ബാക്കി വരുന്ന 4,57,828/- (നാലു ലക്ഷത്തി അൻപത്തിയേഴായിരത്തി എണ്ണൂറ്റി ഇരുപത്തിയെട്ട്) രൂപയിൽ നിന്നും പഞ്ചായത്ത് വകുപ്പിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ഇൻഫർമേഷൻ കേരള മിഷനിൽ നിന്നും നിയോഗിച്ചിട്ടുള്ള ജീവനക്കാർക്ക് 2012 സെപ്റ്റംബർ മാസം മുതൽ 2013 മാർച്ച് 31 വരെയുള്ള ദിവസങ്ങളിൽ വേതനം നൽകുന്നതിനും അനുമതി നൽകണമെന്നും വീണ്ടും ബാക്കി വരുന്ന തുക നെറ്റ് വർക്കിംഗിനായും കമ്പ്യൂട്ടർ ഫർണിച്ചറുകൾ വാങ്ങുന്നതിനും അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. സംസ്ഥാന സർക്കാരിന്റെ 2012-13 സംസ്ഥാന പദ്ധതി ഡിമാന്റ് നമ്പർ **XXXV** പഞ്ചായത്ത് "2515-00-800-89 എന്ന ബഡ്ജറ്റ് ശീർഷകത്തിൽ ഓഫീസ് നവീകരണം കമ്പ്യൂട്ടർവൽക്കരണവും സൗകര്യങ്ങളുടെ നിലവാരം മെച്ചപ്പെടുത്തലും എന്ന പദ്ധതിയ്ക്ക് വകയിരുത്തിയ 70 ലക്ഷം രൂപയിൽ 5% വാറ്റ് ഉൾപ്പെടെ 3,11,532 (മൂന്നു ലക്ഷത്തി പതിനൊന്നായിരത്തി അഞ്ഞൂറ്റി മുപ്പത്തി രണ്ട്)രൂപ ഉൾക്കൊള്ളിച്ച് 65,42,172/- (അറുപത്തിയഞ്ച് ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി നൂറ്റി എഴുപത്തി രണ്ട്) രൂപ ചെലവഴിച്ച് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും ബാക്കി വരുന്ന 4,57,828/- (നാലു ലക്ഷത്തി അൻപത്തിയേഴായിരത്തി എണ്ണൂറ്റി ഇരുപത്തിയെട്ട്) രൂപയിൽ നിന്നും പഞ്ചായത്ത് വകുപ്പിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ഇൻഫർമേഷൻ കേരള മിഷനിൽ നിന്നും നിയോഗിച്ചിട്ടുള്ള ജീവന-

ക്കാർക്ക് 2012 സെപ്റ്റംബർ മാസം മുതൽ 2013 മാർച്ച് 31 വരെയുള്ള ദിവസങ്ങളിൽ വേതനം നൽകുന്നതിനും വീണ്ടും ബാക്കി വരുന്ന തുക നെറ്റ്‌വർക്കിംഗിനും കമ്പ്യൂട്ടർ ഫർണിച്ചറുകൾ വാങ്ങുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

സി. വൽസല
ഗവ. ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ & ഇ/ആഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (**LBA&A**) തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ധനകാര്യ വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ